ഇ-മലയാളിയുടെ വായനാവാരത്തിലേക്ക് രണ്ടു പഴയ കവിതകൾ



പെരുമ്പാവൂരിൽ ജനനം. ഫിസിക്സിൽ എം.എസ്.സി, കോളേജ് അദ്ധ്യാപനായിരിക്കെ അമേരിക്കയിൽ എത്തി ബാങ്ക് ഓഫീസറായി പെൻഷൻപ്പറ്റി. ചെറുപ്പം മുതൽ കലയും സാഹിത്യവും ഇഷ്ടപെട്ട വിഷയങ്ങളായിരുനു. ന്നേ എന്തെങ്കിലും കുത്തിക്കുറിക്കുന്ന ശീലമുണ്ടായിരുന്നു. ആനുകാലിക പ്രശ്നങ്ങൾ, മതസൗഹാർദ്ദം, ഗുരുദർശനം, അഭിമുഖം എന്ന പേരിൽ സാഹിത്യാസ്വാദനം, ഏകദേശം പത്തുവർഷത്തോളമായി വിചാരവേദി എന്ന സാഹിത്യസംഘടനയുടെ പ്രതിമാസ സാഹിത്യ ചർച്ചകളെക്കുറിച്ചുള്ള നിരൂപണ ലേഖനങ്ങൾ എന്നിവ എഴുതിക്കൊണ്ടിരുന്നപ്പോഴും താത്വിക ചിന്തകൾ കലർന്നതും സ്നേഹത്തിൻെറ മാഹാത്മ്യം തുളുമ്പുന്നതുമായ കാൽപ്പനിക കവിതകൾ രചിക്കുന്നതിൽ എനിക്ക് താൽപ്പര്യമായിരുന്നു..

# എൻെറ കാവ്യ സുന്ദരി

## വാസുദേവ് പുളിക്കൽ

ഒരു നിശാഗന്ധി പുഷ്പത്തിൻ
ഉന്മാദഗന്ധം പോലെ
ആയിരം മൂക്കുത്തിയിട്ടപ്സരസ്സുകൾ
ആരേയോ കാക്കുമീ രജനയിൽ
കൈകൊട്ടിപ്പാട്ടും പാടിയെൻ മുന്നിലെത്തു-
ന്നെൻെറ പ്രിയമുള്ളവൾ ,കാവ്യനർത്തകി, മനോജ്ഞാംഗി
എൻെറ ഹ്രുൽസ്പന്ദനം പോലെ, എൻെറ കൽപ്പന പോലെ
കാൽ ത്തളയിളക്കിയാ കാമിനി വരവായ്

തങ്കനൂപുരങ്ങളും, സ്വർണ്ണകങ്കണങ്ങളും
തൂലിക മുക്കാൻ കലാഭംഗിതൻ കലശവും
മലയാളഭാഷതൻ പുളകപ്പൂനാമ്പും ചൂടി
സർഗ്ഗകൗതുകത്തിൻെറ വിരിഞ്ഞ മാമ്പൂ ചൂടി
സത്യശിവസൗന്ദര്യത്തിൻ പൊരുളായ്
നവ്യഹർഷമിയന്നൊരു ഹരിത തളിരായ്
മജ്ഞുളാർദ്രയായ് മതിമോഹനച്ചുവടുമായ്
സാനന്ദമടുക്കുന്നു സുസ്മിതഢീപം കാട്ടി.
തുടിക്കും ഹ്രുദയത്തിൻ പഞ്ചാരിമേളം കൊട്ടി
അവൽക്കായ് ഒരു പൂരം ഞാനൊരുക്കുമ്പോൾ
തൊട്ടുതൊട്ടെന്നപോലെ ചാരത്തേക്കണയുന്നു; പക്ഷെ
തിടുക്കം കാട്ടി എന്നെ വിട്ടകലുന്നു മെല്ലെ
കയ്യെത്തിപ്പിടിക്കാൻ ഞാനൊട്ടു ശ്രമിക്കുമ്പോൾ
ഊർന്നുവീണീടുന്നെൻ തൂലികയപ്പോൾ താഴെ.

********

# കാവ്യനൗക

## വാസുദേവ് പുളിക്കൽ

കാവ്യപ്രവാഹത്തിൻ തീരത്തൊരു കൊച്ചു
പൂമര ചോട്ടിൽ ഞാൻ വിശ്രമിക്കേ...
ഒരു കൂട്ടം കുഞ്ഞാറ്റ കിളികൾ വന്നിരുന്നൊരു
അനുരാഗ സംഗീതം മുഴക്കി പോയി.
അക്ഷരമാലകൾ കടലാസ് തോണികളായ്
അടുത്തുള്ള തടിനിയിൽ നിശ്ചലരായ്
ദളമർമ്മരങ്ങളും നിലച്ചുപോയ്
കാറ്റിൻ രാഗാർദ്ര പല്ലവി മാത്രമായി
പൂവിതൾ തുമ്പിൽ നിന്നൊരു ജലകണം വീണു
ഉടയാതെ പുൽകൊടിയിൽ തിളങ്ങി നിന്നു

ഒരു വരിയെഴുതാൻ ഉൾപ്രേരണയായ്
കാവ്യ നൗകകൾ ഒഴുകി വന്നു
കാറ്റിൻെറ ഈണത്തിലോ കിളി തൻ നാദത്തിലോ
കല്ലോലിനിയുടെ കൈ പിടിച്ചോ
കാവ്യ സുഗന്ധം പൂശാനെത്തും
നാടൻ ശീലുകൾ ചേർത്തു വച്ചോ?
എങ്ങനെ എഴുതണം കാവ്യ നൗകകൾക്കെൻ
തൂലിക പങ്കായമായിടട്ടെ !

**********************